# സമ്പത്തും ദാരിദ്ര്യവും

പുനരാഖ്യാനം: **അബ്ദുല്ല പേരാമ്പ്ര**

ഒരിക്കൽ നബിയും അനുചരൻമാരും ഒരുമിച്ചിരുന്ന് ചില നാട്ടുകാര്യങ്ങൾ സംസാരിക്കുന്നതിനിടയിൽ, സദസ്സിലേക്ക് ദരിദ്രനായ ഒരു മനുഷ്യൻ കടന്നുവരാനിടയായി.

"അസ്സലാമു അലൈക്കും."

കൂട്ടത്തിൽ ഒഴിഞ്ഞ ഒരിടത്ത് ഇരുന്ന് അയാൾ സലാം പറഞ്ഞു. ആ സമയം നബി മനുഷ്യ സാഹോദര്യത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ദൈവത്തിനുമുന്നിൽ മനുഷ്യർ തമ്മിൽ വലുപ്പ-ചെറുപ്പമില്ലെന്നും, ധനമൊരിക്കലും ഉച്ചനീചത്വത്തിന്റെ അളവുകോൽ അല്ലെന്നും ഏവരെയും തെര്യപ്പെടുത്തി.

ദരിദ്രനായ ആ മനുഷ്യൻ സമ്പന്നനായ ഒരു കച്ചവടക്കാരന്റെ സമീപമിരുന്നാണ് ഇതെല്ലാം കേട്ടത്. പക്ഷേ, ദരിദ്രന്റെ സാമീപ്യം ധനികനെ അസ്വസ്ഥനാക്കി. അത് അയാളുടെ മുഖത്ത് പ്രകടമായിരുന്നു. മാത്രവുമല്ല, അയാൾ താൻ ധരിച്ചിരിക്കുന്ന വിലകൂടിയ ഉടുപ്പിന്റെ അറ്റം തന്റെ ശരീരത്തോട് ചേർത്തുവെക്കാൻ ശ്രമപ്പെടുന്നത് കണ്ടു. കാറ്റിൽ ദരിദ്രന്റെ ശരീരത്തോട് തന്റെ





## ഹൈഡ്രജനും ഓക്സിജനും

ഹൈഡ്രജൻ കണ്ടുപിടിച്ചത് ഹെന്റി കാവൻഡിഷ് ആണ്. ഓക്സിജൻ കണ്ടെത്തിയത് ബ്രിട്ടീഷ് രസതന്ത്രജ്ഞനായ ജോസഫ് പ്രീസ്റ്റ്ലിയാണ്. ഹൈഡ്രജനും ഓക്സിജനും ആ പേര് നൽകിയതാവട്ടെ ഫ്രഞ്ചുകാരനായ അന്റോണിയോ ലാവോസിയെ ആണ്.



വസ്ത്രം ചേരുന്നതിൽനിന്നും തടയുകയായിരുന്നു അയാളുടെ ലക്ഷ്യം.

ഇതെല്ലാം നബി കാണുന്നുണ്ടായിരുന്നു. ഒടുവിൽ സംസാരം നിർത്തി നബി ധനികനു നേരെ നോക്കി ചോദിച്ചു:

''ദാരിദ്ര്യം പകരുമെന്നാണോ താങ്കൾ കരുതുന്നത്?''

''പ്രവാചകരേ, ഞാനങ്ങനെ ഉദ്ദേശിച്ചിട്ടില്ല.''

അയാൾ പറഞ്ഞു.

''പിന്നെ? താങ്കളിൽ നിന്നും സമ്പത്ത് ദരിദ്രനിലേക്ക് പറന്നു പോകുമെന്ന് വിചാരിക്കുന്നുണ്ടോ?''

''ഇല്ലേയില്ല.''

അയാൾ വിക്കി.

''അങ്ങനെയല്ലെങ്കിൽ, താങ്കളുടെ വിലകൂടിയ വസ്ത്രം ആ പാവം ദരിദ്രന്റെ ശരീരത്തിൽ സ്പർശിക്കുമെന്നു പേടിക്കുന്നുണ്ടാവണം, അല്ലേ?''

''അല്ലയോ പ്രവാചകരേ, ഞാന ങ്ങനെയൊന്നും ഉദ്ദേശിച്ചിട്ടില്ല.''

''പിന്നെയെന്തിനാണ് നിങ്ങൾ അയാളിൽ നിന്നും അകലം പാലിക്കാൻ ഇങ്ങനെ ശ്രമപ്പെടുന്നത്?''

നബിതിരുമേനി തന്റെ ശബ്ദം കടുപ്പിച്ചു.

അപ്പോൾ ആ ധനികൻ പറഞ്ഞു:

''എനിക്ക് തെറ്റുപറ്റിയെന്ന് ഞാൻ സമ്മതിക്കുന്നു നബിയേ. ഞാനതിന് മാപ്പ് ചോദിക്കുന്നു. അതുകൊണ്ട് പ്രായശ്ചിത്തമായി എന്റെ സമ്പാദ്യത്തിന്റെ പാതി ഇദ്ദേഹത്തിന് ധർമം ചെയ്യാൻ എന്നെ അനുവദിക്കണം.''

താൻ ചെയ്തുപോയ തെറ്റിന് അയാൾ നബി തിരുമേനിയുടെ മുന്നിൽ മാപ്പിരന്നു.

## എറിമോളജിയും ഓരോളജിയും

മരുഭൂമികളെക്കുറിച്ചുള്ള പഠനമാണ് എറിമോളജി (Eremology). എന്നാൽ പർവ്വതങ്ങളെക്കുറിച്ചുള്ള പഠനത്തിന് ഓരോളജി (Orology) എന്നാണ് പറയുക. ഗ്രഹങ്ങളിലെ പർവ്വതങ്ങളെക്കുറിച്ചുള്ള പഠനമാണ് എക്സിയോളജി.